പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3814 — 19.02.2013 - ൽ മറുപടിയ്ക്ക്

# കുമ്പള സ്ത്രീ പീഡന കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ;<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, സി. കൃഷ്ണൻ<br>,, കെ. ദാസൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പെൺകുട്ടിയെ കൂട്ടബലാത്സംഗം ചെയ്തു കാസർകോട് ജില്ലയിലെ കുമ്പള ടൗണിൽ ഉപേക്ഷിച്ചുപോയവരെ സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) ഇതു സംബന്ധിച്ച് കുമ്പള പോലീസ് സ്റ്റേഷൻ ക്രൈം നം. 818/2012 u/s. 376 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവെ ടി കേസിൽ IPC 354 r/w 34 എന്നീ സെക്ഷനുകൾ കൂടി ചേർത്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) കുമ്പള ബസ്സ്റ്റാന്റിൽ ഉപേക്ഷിക്കപ്പെട്ട പെൺകുട്ടി വീണ്ടും നാലുപേരുടെ പീഡനങ്ങൾക്കിരയാവുകയുണ്ടായോ ; | (ബി) ഒരാളുടെ ബലാൽസംഗത്തിന് ഇരയായി. |
| (സി) സംഭവത്തിൽ എത്ര പേരെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കി നിൽപ്പുണ്ട് ; | (സി) ടി കേസിൽ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തു. |
| (ഡി) പെൺകുട്ടിയുടെ മൊഴി പൂർണ്ണമായും പോലീസ് രേഖപ്പെടുത്തുക ഉണ്ടായോ; പെൺകുട്ടിയെ കോടതിയിൽ ഹാജരാക്കി മൊഴി എടുത്തിട്ടുണ്ടോ ? | (ഡി) പെൺകുട്ടിയുടെ മൊഴി പൂർണ്ണമായും പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. പെൺകുട്ടിയുടെ മൊഴി 164 Cr.PC പ്രകാരം രേഖപ്പെടുത്തുന്നതിന് 09/01/2013 തീയതി ബഹു: കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ച പ്രകാരം പെൺകുട്ടിയുടെ മൊഴി ബഹു: കോടതി രഹസ്യമായി രേഖപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ സർട്ടിഫൈഡ് പകർപ്പിന് വേണ്ടി അപേക്ഷ നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ